## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 7485 — 14.07.2014-ലെ മറുപടിക്ക്

### കുറുവ പഞ്ചായത്തിലെ 'പടലാംകുന്ന് കുടിവെള്ള പദ്ധതി'

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിൽ നിലവിലുള്ള ഭരണസമിതി വന്നതിനുശേഷം 'പടലാംകുന്ന് കുടിവെള്ള പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഏത് വാർഡിലെ എന്നത്തെ ഗ്രാമസഭയുടെ തീരുമാനപ്രകാരമാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ ; | ബി) വാർഡ് 4-ലെ 12/12/2010 തീയതിയിലെയും വാർഡ് 19-ലെ 10/11/2012 തീയതിയിലെയും ഗ്രാമസഭയുടെ നിർദ്ദേശപ്രകാരമാണ് നടപ്പിലാക്കിയത്. |
| സി) എത്ര രൂപയുടെ എസ്റ്റിമേറ്റായിരുന്നു ഇതിനായി തയ്യാറാക്കിയിരുന്നതെന്നും എസ്റ്റിമേറ്റ് പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യേണ്ടിയിരുന്നതെന്നും പ്രസ്തുത പ്രവൃത്തികളുടെ അളവും മെറ്റീരിയൽസിന്റെ വിവരവും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ; | സി) 2011-12 വർഷത്തിൽ 308700 രൂപയും, 2012-13 വർഷത്തിൽ 250000 രൂപയും, 2013-14 വർഷത്തിൽ 100000 രൂപയും വകയിരുത്തിയിട്ടുള്ളതാണ്. എസ്റ്റിമേറ്റ് പ്രകാരം താഴെ പറയുന്ന പ്രവൃത്തികളാണ് ചെയ്യേണ്ടത്.<br>**2011-12 വർഷം**<br>1. പമ്പിംഗ് മെയിൻ സ്ഥാപിക്കൽ<br>2. 200 മീറ്റർ നീളത്തിൽ ലൈൻ വെട്ടി പൈപ്പ് ഇടൽ (75 എം.എം.പി.വി.സി. പൈപ്പ് 10 ഗേജ്)<br>3. വിതരണ പൈപ്പ് 150 മീറ്റർ നീളത്തിൽ കിളച്ച് പൈപ്പ് ഇടൽ (63 എം.എം.പി.വി.സി. പൈപ്പ് 6 ഗേജ്)<br>4. 75 എം.എം.ജി.ഐ. വാൾവ് സ്ഥാപിക്കൽ<br>5. 7.5 എച്ച്.പി.സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കൽ<br>6. ടാങ്ക് സ്ഥാപിക്കുന്നതിന് വേണ്ടി കരിങ്കല്ല്, സിമന്റ് ഉപയോഗിച്ച് പ്ലാറ്റ്ഫോം സ്ഥാപിക്കൽ, ബെൽറ്റ് ഉൾപ്പെടെ (2.30 X 2.30 മീറ്റർ)<br>7. 5000 ലിറ്റർ എച്ച്.ടി.പി.ഇ. വാട്ടർ ടാങ്ക് സ്ഥാപിക്കൽ.<br>8. പമ്പ് ഹൗസ് മാറ്റി സ്ഥാപിക്കൽ |

(...2)

**2012-13 വർഷം**

1. പൈപ്പ് ഇടുന്നതിന് 290 മീറ്റർ ചാൽ കീറൽ
2. ലൈനിൽ പൈപ്പ് ഇടൽ 290 മീറ്റർ (75 എം.എം.പൈപ്പ് 6 ഗേജ്)
3. കുഴൽ കിണറിലേക്ക് 75 മീറ്റർ പൈപ്പ് ഇടൽ (63 എം.എം.പൈപ്പ് 10 ഗേജ്)
4. ടാപ്പ് കണക്ഷൻ
5. ടാപ്പുകളും വാൾവുകളും വാങ്ങി ഫിറ്റ് ചെയ്യൽ

**2013-14 വർഷം**

1. 345 മീറ്റർ നീളത്തിൽ ചാൽ കീറൽ
2. 345 മീറ്റർ നീളത്തിൽ പൈപ്പ് ഇടൽ (32 എം. എം പൈപ്പ് 6 ഗേജ്)
3. 21 പൊതു ടാപ്പുകൾ സ്ഥാപിക്കൽ, അതിനാവശ്യമായ 20 എം.എം.ജി.ഐ. പൈപ്പ് 21 മീറ്റർ നീളത്തിലും 90 എം.എം പൈപ്പ് 10 ഗേജ് സ്റ്റാന്റ് പോസ്റ്റിന് വേണ്ടി സ്ഥാപിക്കലും, അതിലേക്കാവശ്യമായ ടാപ്പ് വാങ്ങി ഫിറ്റ് ചെയ്യലും.

| | | | |
|---|---|---|---|
| ഡി) | ഈ പ്രവൃത്തിക്കായി ആകെ എത്ര രൂപയാണ് ഇതുവരെ കൺവീനർ കൈപ്പറ്റിയിട്ടുള്ളത് എന്നും ഇനി എന്ത് തുക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ ; | ഡി) | 2011-12 വർഷത്തിൽ 2 ഘട്ടങ്ങളിലായി 264082 രൂപയും, 2012-13 വർഷത്തിൽ 102950 രൂപയും, 2013-14 വർഷത്തിൽ 76959 രൂപയും കൺവീനർ കൈപ്പറ്റിയിട്ടുണ്ട്. ഇനി തുകയൊന്നും നൽകാനില്ല. |
| ഇ) | ഈ പ്രവൃത്തിക്കായുള്ള ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ആരായിരുന്നു എന്നും ഈ പ്രവൃത്തിക്കായി എത്ര പ്രാവശ്യം ഈ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെന്നും ഏതെല്ലാം തീയതികളിലാണ് യോഗം ചേർന്നതെന്നും വിശദമാക്കാമോ ; | ഇ) | നിധീഷ്, S/o.താമി, പുള്ളിയിൽ ഹൗസ്, വറ്റല്ലൂർ പി.ഒ.<br><br>ഗുണഭോക്തൃ കമ്മറ്റി 8 പ്രാവശ്യം 04.02.2012, 10.02.2012, 30.02.2012, 28.04.2012, 02.03.2013, 05.12.2013, 05.01.2014, 18.01.2014 എന്നീ തീയതികളിലായി യോഗം ചേർന്നിട്ടുണ്ട്. |
| എഫ്) | ഈ കമ്മിറ്റികളിൽ വാർഡ് മെമ്പർമാർ പങ്കെടുത്തിരുന്നോ ; എങ്കിൽ ഏതെല്ലാം വാർഡിലെ മെമ്പർമാരാണ് പങ്കെടുത്തതെന്ന് വ്യക്തമാക്കാമോ ; | എഫ്) | ഉണ്ട്.<br>7, 14, 19, 21 വാർഡുകളിലെ മെമ്പർമാർ കമ്മിറ്റികളിൽ പങ്കെടുത്തിരുന്നു. |
| ജി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വാർഡുകളിലെ മുഴുവൻ മെമ്പർമാരെയും കമ്മിറ്റികളിലേയ്ക്ക് രേഖാമൂലം ക്ഷണിച്ചിരുന്നോ ; ഇല്ലെങ്കിൽ ക്ഷണിക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ ? | ജി) | നോട്ടീസുകൾ കാണുന്നുവെങ്കിലും ആയത് മെമ്പർമാർ രേഖാമൂലം കൈപ്പറ്റിയതായ വിവരം ലഭ്യമല്ലെന്ന് കുറുവ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ